"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അങ്കമാലി നഗരസഭയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.ഷമീന.സി.എസ്-ന്റെ സർവീസ് ബുക്കിൽ ജനന തീയതി തിരുത്തൽ വരുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.580/2025/LSGD തീയതി,തിരുവനന്തപുരം, 03-03-2025

---

പരാമർശം:-
1. 30-12-1991 ലെ സ.ഉ.(പി)നം.45/91/ഉഭപവ
2. ശ്രീമതി.ഷമീന.സി.എസിന്റെ 07.09.2024 തീയതിയിലെ അപേക്ഷ
3. ജോയിന്റ് കമ്മീഷണർ ഫോർ ഗവ.എക്സാമിനേഷൻസിന്റെ 31.08.2024 ലെ L.Dis.Ex/BB1/28059/2024/CGE നമ്പർ ഉത്തരവ്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.12.2024 ലെ LSGD/PD/38336/2024-DEF2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അങ്കമാലി നഗരസഭയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.ഷമീന.സി.എസിന്റെ ജനന തീയതി എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ഭേദഗതി വരുത്തിയ പ്രകാരം സർവീസ് ബുക്കിൽ തിരുത്തൽ വരുത്തി നൽകുന്നതിനായി പരാമർശം (2) പ്രകാരമുള്ള അപേക്ഷയും അനുബന്ധ രേഖകളും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നു. അപേക്ഷകയുടെ SSLC ബുക്കിൽ ജനന തീയതി തിരുത്തുന്നതിനുള്ള അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അങ്കമാലി നഗരസഭയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.ഷമീന.സി.എസ് സേവനത്തിൽ പ്രവേശിച്ചത് 21/05/2021 തീയതിയിലും ടിയാൻ സർവീസ് രേഖകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 07.09.2024 തീയതിയിലുമാണ്. ആയതിനാൽ പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ശ്രീമതി.ഷമീന.സി.എസ് സർക്കാർ സർവീസിൽ പ്രവേശിച്ച് അഞ്ച് വർഷങ്ങൾക്കുള്ളിലാണ് സേവനപുസ്തകത്തിൽ ജനനത്തീയതി തിരുത്തൽ വരുത്തുന്നതിനു അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ജോയിന്റ് കമ്മീഷണർ ഫോർ ഗവ.എക്സാമിനേഷൻസിന്റെ 31.08.2024 ലെ L.Dis.Ex/BB1/28059/2024/CGE നമ്പർ ഉത്തരവ്, ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ്, തിരുത്തൽ വരുത്തിയ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ അങ്കമാലി നഗരസഭയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.ഷമീന.സി.എസ് -ന്റെ സേവനപുസ്തകത്തിൽ, സ്കൂൾ രേഖകളുടേതിന് സമാനമായി ജനനതീയതി 19.01.1984 എന്ന് തിരുത്തൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

സെക്രട്ടറി, അങ്കമാലി നഗരസഭ

ശ്രീമതി.ഷമീന.സി.എസ്, ഓഫീസ് അറ്റൻഡന്റ്, അങ്കമാലി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 03-03-2025 13:37:15
സെക്ഷൻ ഓഫീസർ